"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ശ്രീ. ആബേൽ ഫെർണാണ്ടസ്, ഭാര്യ സിബ്രോസിയ ഫെർണാണ്ടസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള, കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിൽ നീണ്ടകര പാലത്തിന് കിഴക്ക് അഴിമുഖത്തോട് ചേർന്ന ഭാഗത്ത് സ്ഥിതി ചെയ്യുന്ന, ഊന്നി വലപ്പാടുകൾക്ക് നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(കൈ) നം.7/2024/F&P തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:-

1. ഫിഷറീസ് ഡയറക്ടറുടെ 30/06/2023-ലെ ഡി എഫ് ടി വി എം/1363/2022-സി3 നമ്പർ കത്ത്.
2. ഫിഷറീസ് ഡയറക്ടറുടെ 30/10/2023-ലെ ഡി എഫ് ടി വി എം/3611/2021-സി3 നമ്പർ കത്ത്.
3. ഫിഷറീസ് ഡയറക്ടറുടെ 07/02/2024-ലെ ഡി എഫ് ടി വി എം/431/2024-സി3 നമ്പർ കത്ത്.

**ഉത്തരവ്**

കിഫ്ബി 2017-18 പദ്ധതി പ്രകാരം മുക്കാട്ടുകടവ് - ഫാത്തിമ ഐലൻഡ് - അരുളപ്പൻ തുരുത്ത് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് വീണ് പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സ്ഥിതിയിലായിത്തീർന്ന ശ്രീ. ആബേൽ ഫെർണാണ്ടസ്, ഭാര്യ സിബ്രോസിയ ഫെർണാണ്ടസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള പള്ളിപ്പാട്ടിലെ 8, 9, 10, 11, 12 എന്നീ 5 ഊന്നി വലപ്പാടുകളിൽ 4 ഊന്നി വലപ്പാടുകൾക്ക് ഒരു ഊന്നി/കുറ്റിവലയ്ക്ക് 1 ലക്ഷം രൂപ നിരക്കിൽ നാലു ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിക്കണമെന്നു പരാമർശ കത്തുകൾ പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. കിഫ്ബി പദ്ധതി പ്രകാരമുള്ള നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവർത്തിപ്പിക്കാൻ കഴിയാത്ത ഊന്നിവലപ്പാടുകൾക്ക് നഷ്ടപരിഹാരത്തിന് അർഹത ഉണ്ടെന്നും ഫിഷറീസ് വകുപ്പിൽ ലൈസൻസും രജിസ്ട്രേഷനും ഉള്ള ടി വലകൾ 2020-21 വരെ കരം ഒടുക്കിയിട്ടുള്ളതും നിലവിൽ പ്രവർത്തനമില്ലാത്തതുമാണെന്നും നഷ്ടപരിഹാരം അനുവദിക്കണമെന്നുള്ള ടിയാന്റെ ആവശ്യം ന്യായമാണെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റൂൾസ് ഫോർ ദി മാനേജ്മെന്റ് ആൻഡ് കൺട്രോൾ ഓഫ് ഫിഷറീസ് ഇൻ ഗവണ്മെന്റ് വാട്ടേഴ്സ് 1974, ചട്ടം 12 (1) പ്രകാരം ഒരാൾക്ക് 4 ഊന്നി വലപ്പാടുകൾ/ കുറ്റിവലകളുടെ ഉടമസ്ഥാവകാശം മാത്രമാണ് അനുവദനീയമായിട്ടുള്ളത് എന്നും ആയതിനാൽ ശ്രീ.ആബേൽ ഫെർണാണ്ടസ്, ഭാര്യ സിബ്രോസിയ ഫെർണാണ്ടസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള പള്ളിപ്പാട്ടിലെ 8, 9, 10, 11, 12 എന്നീ 5 ഊന്നി വലപ്പാടുകളിൽ 4 എണ്ണം നഷ്ടപരിഹാരം അനുവദിക്കുന്നതിന് പരിഗണിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിഫ്ബി 2017-18 പദ്ധതി പ്രകാരമുള്ള മുക്കാട്ട് കടവ്-ഫാത്തിമ ഐലന്റ്-അരുളപ്പൻ തുരുത്ത് പാലം നിർമ്മാണത്തെ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സ്ഥിതിയിലായിത്തീർന്ന കൊല്ലം ജില്ലയിൽ അഷ്ടമുടിക്കായലിൽ നീണ്ടകര പാലത്തിന് കിഴക്ക് അഴിമുഖത്തോട് ചേർന്ന ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഊന്നി/കുറ്റി വലകളുടെ ഉടമസ്ഥരായ ശ്രീ. ആബേൽ ഫെർണാണ്ടസ്, ഭാര്യ സിബ്രോസിയ ഫെർണാണ്ടസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള പള്ളിപ്പാട്ടിലെ 8, 9, 10, 11, 12 എന്നീ 5 ഊന്നി വലപ്പാടുകളിൽ 4 ഊന്നി/ കുറ്റി വലയ്ക്ക് നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപ നിരക്കിൽ ആകെ 4 (നാല്) ലക്ഷം രൂപ 2405-00-800-52 (P) എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.2114 തീയതി: 13/03/2024)
ധനകാര്യ വകുപ്പ് (07/02/2024-ലെ 2627055/WCD-2/346/2023-FIN നമ്പർ കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sabitha Sadasivan**
സെക്ഷൻ ഓഫീസർ
**Date: 14-03-2024 14:53:05**
**Reason: Approved**